# അഗാപെ കൈയ്യെഴുത്തു മാസിക

agape

VOLUME - XVI

"Proclaim his deliverance to a people yet unborn, saying that he has done it."

Psalms 22:31




follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagzine.com

# താളുകൾ മറിക്കുമ്പോൾ

## മുഖവുര

സുവിശേഷം മാതൃമഴ, ജീവിതത്തെ പങ്കുവയ്ക്കുവിൻ!
(ബ്രദർ. സജു ജോൺ മാത്യുവിന്റെ ലേഖനം.

ഞാനോ, കർത്താവേ; .....
ലേഖനം. ഷിബു ഡാനിയേൽ.

വേദപുസ്തക ചരിത്രം

സങ്കീർത്തന ധ്യാനം
സങ്കീർത്തനങ്ങൾ-4

-ജീസസ് ദൃഷ്ടി-
ഫാമിലി കോൺഫറൻസിന്റെ വിശദ റിപ്പോർട്ട്

പഴയ പാട്ടുകൾ
സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ഗാനങ്ങൾ

ചോദ്യാവലി

# മുഖവുര

മോശ സീനായ് പർവ്വതത്തിൽ നിന്നു ഇറങ്ങി വരുമ്പോൾ, പാളയത്തിൽ കേട്ട ശബ്ദം പോലെ ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോറ്റു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ല. പ്രതിഗാനം ചെയ്യുന്നവരുടെ ഘോഷം. അവനെ ക്രൂശിക്ക, ക്രൂശിക്ക എന്നുള്ള ആർപ്പുവിളി.

-മുഖവുര-

"വലിയ പുരുഷാരം അവനോടുകൂടെ പോകുമ്പോൾ അവൻ തിരിഞ്ഞു അവരോടു പറഞ്ഞു: എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെയും പകെക്കാതിരിക്കയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല. തന്റെ ക്രൂശു എടുത്തുകൊണ്ടു എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല." [ലൂക്കോസ് 14:25-26-27]

അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവർത്തികളും കാണുമ്പോൾ ജനം ഓടി അടുക്കുക സ്വാഭാവികം. കാരണം കഷ്ടതയുടെയും സാമ്പത്തിക-ബുദ്ധിമുട്ടുകളുടെയും രോഗത്തിന്റെയും നടുവിലായിരിക്കുന്ന ജനം ഓടി എത്തുന്നത് നിലം പരിശാകുന്നതിനു മുമ്പ് ഒരു കച്ചിത്തുരുമ്പ് കണ്ടെത്തുന്നതിനുവേണ്ടിയാണ്. അതാണിന്ന് ഏറെ പേരും. അതൊക്കെ സാധിച്ചെടുക്കുവാൻ, മുഖസ്തുതി പാടും. കൈയ്യടിക്കും, തുള്ളിച്ചാടും, താളംപിടിക്കും. എന്തൊക്കെ പറയുന്നോ അതൊക്കെ ചെയ്യും. 2000 വർഷങ്ങൾക്കു മുമ്പ് കഴുതക്കുട്ടിയുടെ പുറത്ത് കയറി യെരുശലേമിലേക്ക് വന്ന യേശുവിനെ അന്ന് അത്ഭുതങ്ങളും വീര്യപ്രവൃത്തികളും കണ്ട് അതിന് സാക്ഷികളായ ജനം കൈയ്യടിച്ചു. അത്യുന്നതത്തിൽ ദൈവത്തെ പുകഴ്ത്തി. എന്നാൽ കൃത്യം ആഴ്ചക്ക് ശേഷം അവിടെ വീണ്ടും ഒരു ആർപ്പുവിളിയുണ്ടായി. മോശെ സീനായ് പർവ്വതത്തിൽ നിന്നു ഇറങ്ങിവരുമ്പോൾ, പാളയത്തിൽ കേട്ട ശബ്ദം പോലെ ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോറ്റു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ല. പ്രതിഗാനം ചെയ്യുന്നവരുടെ ഘോഷം. അവനെ ക്രൂശിക്ക, ക്രൂശിക്ക എന്നുള്ള ആർപ്പുവിളി.

ഭൗതികമായ പലവിധ ചിന്തകളാൽ, ഉദ്ദേശം നേടിയെടുക്കുവാൻ വരുന്നവർ അവ ലഭ്യമായി കഴിയുമ്പോൾ യേശുവിനെ അറിയുകയില്ലാതെയാകുന്നു. എന്നാൽ യേശു നമ്മിൽ നിന്നാവശ്യപ്പെടുന്നത് തികഞ്ഞ സ്നേഹമാണ്. കുടുംബത്തെക്കാൾ ജീവനെ കൊടുക്കുന്നതിലും അധികം സ്നേഹം

ആർക്കും ഉണ്ടാകില്ല. ഇന്നും ലോകത്തിൽ ആവശ്യപ്പെടുന്ന കാര്യം.
എന്നെ അനുഗമിക്കുവാൻ ഒരുവൻ മനസ്സിൽ ആഗ്രഹിച്ചാൽ തനിക്കുള്ളതെല്ലാം
വിട്ടുപിരിയണം. ഏതൊക്കെ വിചാരങ്ങൾ മനസ്സിൽ ഉണ്ടോ, അതിനെയെല്ലാം
വിട്ടുപിരിയണം. തന്നെത്താൻ ത്യജിക്കണം. അല്ലാതെ ഒരാൾക്കും ക്രിസ്തുവിന്റെ
ശിഷ്യനായിത്തീരുവാൻ കഴിയുകയില്ല.

വിളിക്കപ്പെട്ടവർ അനേകം
തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം.

# സുവിശേഷം മാത്രമല്ല, ജീവനെ തന്നെ പങ്കുവയ്ക്കുവിൻ!

ബ്രദർ. സാജു ജോൺ മാത്യുവിന്റെ ലേഖനം.



ഇന്ന് അനേകം സുവിശേഷ കേന്ദ്രങ്ങളിൽ നിന്ന് നാം പല വാർത്തകൾ കേൾക്കുന്നു. കോടികൾ സുവിശേഷം ശ്രവിക്കുന്നു. ആയിരങ്ങൾ യേശുവിനെ സ്വീകരിക്കുന്നു. നൂറു കണക്കിനാളുകൾ സ്നാനപ്പെടുന്നു. എല്ലാം നല്ലതു തന്നെ. എന്നാൽ എന്തായിരുന്നു നമ്മൾ സുവിശേഷം അറിയിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രേരണ?

## സുവിശേഷം മാത്രമല്ല ജീവനെത്തന്നെ പങ്കുവയ്ക്കുവിൻ..

ബ്രദർ. സാജു ജോൺ മാത്യു.

വായനഭാഗം:- 1 തെസ്സലൊനീക്യർ 2:1-12.

1 തെസ്സലൊനീക്യർ 2:8- ഇങ്ങനെ ഞങ്ങൾ നിങ്ങളെ വാഞ്ഛിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനും കൂടെ വെച്ചുതരുവാൻ ഒരുക്കമായിരുന്നു.

പൗലോസ് അപ്പോസ്തലൻ, തെസ്സലൊനീക്യയിൽ അത്യധികം പീഡിപ്പിക്കപ്പെട്ടു. എന്നാൽ, ഫിലിപ്പിയിലെ യാതനകളെ താരതമ്യപ്പെടുത്തുമ്പോൾ അത് ചെറുതായിരുന്നുവെന്ന് നമുക്ക് 1 തെസ്സലൊനീക്യർ 2:2, അപ്പൊ. പ്രവൃത്തികൾ 16:16-24 എന്നീ ഭാഗങ്ങളിലൂടെ കാണുവാൻ സാധിക്കും. തെസ്സലൊനീക്യയിൽ മൂന്നു ആഴ്ച മാത്രമേ താമസിച്ചുള്ളൂ എങ്കിൽ കൂടിയും, അനേകം യെഹൂദരെയും, ഗ്രീക്കുകാരെയും കർത്താവിന്റെ അനുയായികളാക്കുവാൻ കഴിഞ്ഞു. [അപ്പൊ. പ്രവൃത്തികൾ 17:1-5]. ഈ പുതിയ വിശ്വാസികളിൽ പലരും പൗലോസിനെ എന്ത് കാരണവശാലും സഹായിക്കുവാൻ സന്നദ്ധരായിരുന്നു. യാസോൻ തന്റെ ഭവനം സുവിശേഷ പ്രഘോഷകർക്കായി തുറന്നുകൊടുത്തു. ഇക്കാരണത്താൽ യാസോനെ തുറുങ്കിലടയ്ക്കുകയും ചെയ്തു. [അപ്പൊ. 17:5-10].

തെസ്സലൊനീക്യയിൽ എന്തായിരുന്നു പൗലോസിന്റെ പെരുമാറ്റം? നമ്മുടെ വായനാഭാഗം ഈ ചോദ്യത്തിനുള്ള ഉത്തരം നൽകുന്നു. അവർ ദൈവത്തിനു പ്രീതിയുള്ളവരായിരുന്നു. അദ്ധ്വാനികളും, വാത്സല്യമായ ഒരമ്മയുടെ മനസ്സും, ക്ഷമാനിധിയായ ഒരച്ഛന്റെ പരിപാലനവും ഉള്ളവരായിരുന്നു. തന്റെ ദൗത്യം സുവിശേഷ പ്രഘോഷണത്തിൽ മാത്രം ഒതുങ്ങിയില്ല. എന്നാലോ വിശ്വാസികളുടെ

രൂപാന്തരത്തിനായി പൗലോസ് അഹോരാത്രം പ്രവർത്തിച്ചു. പൗലോസിന് തെസ്സലോനിക്യ വിടാൻ താൽപര്യമില്ലായിരുന്നു. തനിക്കു വസിക്കുവാൻ സ്വഭവനം നൽകിയ യാസോനെ അധികാരികൾ പീഡിപ്പിച്ചത്, പൗലോസിനെ വളരെയധികം വിഷമിപ്പിച്ചു. തനിക്കാകുമായിരുന്നു എങ്കിൽ യാസോനു വേണ്ടി സ്വജീവൻ നൽകുമായിരുന്നു എന്ന് പൗലോസ് പറഞ്ഞു.

ഇന്ന് അനേകം സുവിശേഷ കേന്ദ്രങ്ങളിൽ നിന്ന് നാം പല വാർത്തകൾ കേൾക്കുന്നു. കോടികൾ സുവിശേഷം ശ്രവിക്കുന്നു. ആയിരങ്ങൾ യേശുവിനെ സ്വീകരിക്കുന്നു. നൂറു കണക്കിനാളുകൾ സ്നാനപ്പെടുന്നു. എല്ലാം നല്ലതു തന്നെ. എന്നാൽ എന്തായിരുന്നു നമ്മൾ സുവിശേഷം അറിയിച്ചതിനു പിന്നിൽ പ്രവർത്തിച്ച പ്രേരണ?

ഞാൻ സുവിശേഷം പ്രഘോഷിച്ചവരെ, പൗലോസ് തന്റെ ജീവനെക്കാൾ അധികം സ്നേഹിച്ചു. എന്നാൽ നമ്മളിൽ ആ സ്നേഹം ഉണ്ടോ? സുവിശേഷം അറിയിക്കുന്നതിന് നമുക്ക് പ്രചോദനം നൽകുന്നതെന്താണ്. അത് ദൈവകൽപന നിറവേറ്റുന്നതിനു 'മാത്രമാണോ' അതോ, നമ്മുടെ സഹോദരങ്ങളോടുള്ള സ്നേഹമാണോ?'. ഒരു കാര്യം വ്യക്തമാണ് പലപ്പോഴും നാം പരാജയപ്പെടുന്നത്, നാം മറ്റുള്ളവരെ ജീവനു തുല്യം സ്നേഹിക്കാത്തതുകൊണ്ടാണ്. നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുന്നില്ലെങ്കിൽ, അവരോട് സുവിശേഷം അറിയിക്കുവാൻ നമുക്ക് അധികാരവും ദൈവം നൽകുന്നില്ല.

നമുക്ക് പ്രാർത്ഥിക്കാം:- ദൈവമേ പലപ്പോഴും സുവിശേഷം അറിയിക്കുവാനുള്ള പ്രധാന കാരണം, എന്റെ സഹോദരങ്ങളോടു സ്നേഹം അല്ലാതെയാകുന്നു. പരസ്പരം സ്നേഹിക്കാതെ, ഞാൻ അങ്ങയുടെ യഥാർത്ഥ ശിഷ്യനാകില്ല എന്ന ബോധ്യം എന്നിൽ ഉളവാക്കണമേ! ആമേൻ.

തുടർന്നു വായിക്കുക:- [അപ്പൊ. പ്രവൃത്തികൾ 16:16-22, 1:1-10]

# ഞാനോ, കർത്താവേ; .....

## ലേഖനം.

ശിഷ്യന്മാരെല്ലാം ഞാനോ, ഞാനോ കർത്താവേ എന്നു ചോദി-
ക്കുമ്പോൾ യൂദാ മാത്രം ഞാനോ, റബ്ബി എന്നാണ് ചോദിക്കുന്നത്.
[മത്തായി 26:23] യൂദാ ഒരിക്കലും യേശുവിനെ കർത്താവാക്കിയിരുന്നില്ല.
എപ്പോഴും അവൻ യേശുവിനെ റബ്ബി എന്നു മാത്രമേ സംബോധന ചെയ്തി.
ക്രൈസ്തവ ലോകം അങ്ങനെയാണ് യേശുവിന്റെ വാക്കുകൾക്ക് വില കല്പിക്കും
വേണമെങ്കിൽ ഗുരുവിന്റെ സ്ഥാനം നൽകും. എന്നാൽ ഒരിക്കലും
അവനെ കർത്താവാക്കില്ല. കർത്താവാക്കിയാൽ നമ്മെ ഭരിക്കുന്നത്
യേശുവായിരിക്കും.

ഭാഗം

ഞാനോ, കർത്താവേ; ....

വായനഭാഗം:- മത്തായി 26:21-22 "അവർ ഭക്ഷിക്കുമ്പോൾ അവൻ നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. അപ്പോൾ അവർ അത്യന്തം ദുഃഖിച്ചു. ഞാനോ, ഞാനോ കർത്താവേ എന്നു ഓരോരുത്തൻ പറഞ്ഞു തുടങ്ങി."

നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും എന്നു യേശു കർത്താവു തന്റെ പ്രിയ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ ഉടനായി ഉയർന്ന ചോദ്യം ആണ്, 'ഞാനോ, ഞാനോ കർത്താവേ എന്നുള്ളത്. ചില പതിപ്പിൽ കാണുന്നത് 'ഞാനല്ലല്ലോ കർത്താവേ' എന്നാണ്. മൂന്നര വർഷം നിഴലായി കൂടെ നടന്നിട്ടും അവർക്ക് ആർക്കും ഒരു ഉറപ്പും ഇല്ലായിരുന്നു, വാസ്തവമായി യേശുവിനെ സ്നേഹിക്കുന്നുണ്ടോ എന്ന്? ഒരർത്ഥത്തിൽ യേശു കർത്താവ് ഇതു തന്റെ ശിഷ്യന്മാരോട് പറയുമ്പോൾ ശരിക്കും അവർ ഭയപ്പെട്ടുപോയി. പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കാത്ത നാമും ആയിരിക്കുന്നുവെങ്കിൽ നമ്മിലും ഇതേ സംശയത്തിന്റെ വിത്തിടുവാൻ പിശാച് ശ്രമിക്കും.

മൂന്നു കാരണങ്ങളാൽ അവർക്ക് ഇങ്ങനെ ചിന്തിക്കേണ്ടി വന്നു.

1. യോഹന്നാന് ഒഴികെ ആർക്കും ഉറപ്പില്ലായിരുന്നു.
2. യേശു സകലതും അറിയുന്നവനായതു കൊണ്ട് ഇനിയും ഞാനാണെങ്കിലോ?
3. യൂദായെ മറ്റു ശിഷ്യന്മാർ ആരും മനസ്സിലാക്കിയിട്ടില്ലായിരുന്നു.

യോഹന്നാന് നിശ്ചയമുണ്ടായിരുന്നു ഞാൻ എന്റെ പ്രാണനാഥനെ ഒരിക്കലും ഒറ്റി കൊടുക്കുകയില്ലായെന്ന്. അതു കൊണ്ടാണ് മിക്കപ്പോഴും അവൻ പറയുന്നത് യേശു ഏറ്റവും കൂടുതൽ സ്നേഹിച്ചത് എന്നെയാണെന്ന്. പത്രോസിന്റെ ആവശ്യപ്രകാരം ഒരു പേടിയുമില്ലാതെ അത് ആര് കർത്താവേ എന്നു ചോദിക്കുവാനുള്ള ധൈര്യം കാട്ടിയത് അതു കൊണ്ടാണ് [യോഹന്നാൻ 13:25]

രക്ഷാമാർഗം. യൂദാ അവനെ കാണിച്ചുകൊടുക്കുമെന്ന് യൂദായെ ശിഷ്യനാക്കുന്ന സന്ദർഭത്തിലേ യേശു കർത്താവിനറിയാമായിരുന്നു. സകലതും അറിയുന്ന കർത്താവ് ഇതും മുൻകൂട്ടി അറിഞ്ഞു. വല്ല വിധേനയും അവനെ രക്ഷിക്കേണ്ടതിനാണ് പടയാളികൾ യേശുവിനെ പിടിക്കുവാൻ വരുമ്പോഴും ഞാനാകുന്നു നസറായൻ യേശു എന്നു പറഞ്ഞ് യൂദായെ ആ പാതകത്തിൽ നിന്ന് [യോഹന്നാൻ 18:2-9] ഒഴിവാക്കുവാൻ യേശു ശ്രമിക്കുന്നത്. വാസ്തവത്തിൽ യേശു കർത്താവിന്റെ മഹത്വം വെളിവാകുന്ന സംഭവമാണ് യൂദായെ അവസാനം വരെ കൂടെ കൊണ്ടു നടക്കുവാനുള്ള തീരുമാനം.

മുഖ്യമായി കാണുന്നത് മറ്റു ശിഷ്യൻമാർക്ക് ആർക്കും ഈ യൂദായെ മനസ്സിലാക്കുവാൻ സാധിച്ചില്ല എന്നുള്ളതാണ്. യേശുവിനെക്കാൾ അധികം പണത്തെ സ്നേഹിച്ചവനായിരുന്നു യൂദാ. യേശു കൂടെയുള്ളപ്പോഴും യേശു 'അനീതിയുള്ള മാമോൻ' എന്നു വിളിച്ചതായ പണത്തെ കുറിച്ച് ആശങ്കപ്പെട്ടവനായിരുന്നു യൂദാ. [യോഹന്നാൻ 12:5-6]

മറ്റുള്ളവരെല്ലാം ഞാനോ, ഞാനോ കർത്താവേ എന്നു ചോദിക്കുമ്പോൾ യൂദാ മാത്രം ഞാനോ, റബ്ബീ എന്നാണ് ചോദിക്കുന്നത്. [മത്തായി 26:23] യൂദാ ഒരിക്കലും യേശുവിനെ കർത്താവാക്കിയിരുന്നില്ല. എപ്പോഴും അവൻ യേശുവിനെ റബ്ബീ എന്നു മാത്രമേ സംബോധന ചെയ്തിരുന്നുള്ളൂ. ലോകം ആദരവോടെയാണ് യേശുവിന്റെ വാക്കുകൾക്ക് വില കല്പിക്കും. വേണ്ടവണ്ണത്തിൽ ഗുരുവിന്റെ സ്ഥാനത്ത് നിർത്തും. എന്നാൽ ഒരിക്കലും അവനെ കർത്താവാക്കില്ല. കർത്താവാക്കിയാൽ നമ്മെ ഭരിക്കുന്നത് യേശുവായിരിക്കും. ........ അപ്പോൾ പിന്നെ നാം പലതും ഉപേക്ഷിക്കേണ്ടി വരും. ..... നമ്മുടെ എല്ലാ വഴികളിലും അവൻ മാർഗ്ഗ തടസ്സമായിരിക്കും. എല്ലാം അവനിലൂടെ നമുക്കു സാധ്യമാക്കുന്നു. അവനെ പിരിഞ്ഞ് ........ അവനെ കർത്താവാക്കിയവർക്ക് സ്വയമായി ഒന്നും ചെയ്യുവാൻ സാധ്യമല്ല.

യേശുവിനെ കർത്താവാക്കിയവന്റെ അനുഭവം 16-ാം സങ്കീർത്തനക്കാരൻ വിവരിക്കുന്നത്, നീ എന്റെ കർത്താവാകുന്നതുകൊണ്ട് നീ കൂടാതെ എനിക്ക് ഒരു നന്മയും ഇല്ല എന്നാണ്. കാരണം നിന്റെ സന്നിധിയിൽ സന്തോഷത്തിന്റെ പൂർണ്ണതയുണ്ട്. മാത്രമല്ല നിന്റെ വലതു ഭാഗത്തുള്ള പ്രമോദവും എനിക്കവകാശപ്പെട്ടത് എന്നാണ്.

യൂദായുടെ കയ്യെത്തും ദൂരത്ത് ഈ സന്തോഷ പരിപൂർണ്ണത ഉണ്ടായിട്ടും മുപ്പത് വെള്ളിക്കാശിനു വേണ്ടി അവൻ അതു കെടുത്തിയിരുന്നു. യോഹന്നാൻ 13:27-ൽ കാണുന്നത് അപ്പം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു എന്നാണ്. അയോഗ്യമായി അപ്പത്തിൽ നിന്നു ഭാഗവാക്കായവന്റെ അവസാനം. അവൻ കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരനായിത്തീർന്നു. നിത്യജീവൻ അവകാശമാക്കേണ്ടവൻ നിത്യനാശത്തിലേക്ക് നിപതിച്ചു.

യൂദായുടെ അപ്പൊസ്തലസ്ഥാനം മറ്റൊരുവൻ ഏറ്റെടുത്തു. കർത്താവു തന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കുവാനുള്ള അവസരം അവൻ നഷ്ടമാക്കി. ലോകത്തിന്റെ ഏതെങ്കിലും ഭൂഖണ്ഡത്തിൽ രക്ഷാ ദൗത്യവുമായി പോയി, വരും ........ തലമുറകളുടെ മനസ്സിൽ ചിര പ്രതിഷ്ഠ നേടേണ്ട യൂദാ വെറും മുപ്പത് വെള്ളിക്കാശിനു തന്റെ പ്രിയനെ ഒറ്റു കൊടുക്കുന്നു.

യൂദാ ഒരു ദൃഷ്ടാന്തമായി നമ്മുടെ മുമ്പിൽ ഇരിക്കട്ടെ, യേശുവിന്റെ സ്നേഹം കൈയ്യെത്തും ദൂരത്തായിരുന്നപ്പോഴും അതിനെ നിരസിച്ച് ലോകത്തിലേക്ക് ഇറങ്ങിപ്പോയ യൂദാ ഒരു അടയാളമായി ഇരിക്കട്ടെ. അയ്യോ, അവൻ ജനിക്കാതിരുന്നെങ്കിൽ!

# വേദപുസ്തക ചരിത്രം

## ൧. ബൈബിളിന്റെ ചില സുപ്രധാന പരിഭാഷകൾ

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച...

## വേദപുസ്തക ചരിത്രം

### 7. ബൈബിളിന്റെ ചില പ്രധാന പരിഭാഷകൾ

(3) വൾഗേറ്റ്: ലത്തീനിലേക്കുള്ള ബൈബിൾ പരിഭാഷ എ.ഡി. രണ്ടാം ശതകത്തിൽ തന്നെ ആരംഭിച്ചു. എന്നാൽ നാലാം നൂറ്റാണ്ടിന്റെ-അവസാന ഘട്ടത്തിൽ ജെറോം എന്ന വേദപണ്ഡിതൻ വേദപുസ്തകത്തിന്റെ മൂലഭാഷകളുടെ സഹായത്തോടെ നിലവിലിരുന്ന ലത്തീൻ തർജ്ജമയെ പരിഷ്കരിച്ചു. ഈ ലത്തീൻ പരിഭാഷ 'പ്രസിദ്ധമായത്' എന്നർത്ഥമുള്ള 'വൾഗേറ്റ്' എന്ന പേരിൽ അറിയപ്പെടുന്നു. റോമൻ കത്തോലിക്കരുടെ ആധികാരിക ബൈബിളാണിത്.

(4) ഇംഗ്ലീഷ്: ഇംഗ്ലീഷ് ബൈബിളിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. എ.ഡി. 1382-ൽ ജോൺ വിക്ലിഫ് എന്ന നവീകരണ കർത്താവ് ലത്തീനിൽ നിന്നും ഇംഗ്ലീഷിലേക്കു ബൈബിൾ വിവർത്തനം ചെയ്തു. പകരം പോപ്പ് അദ്ദേഹത്തെ മുടക്കുകയും, പിന്നീട് ശപിക്കുകയും, കുറെ കഴിഞ്ഞ് തന്റെ അസ്ഥികൾ മാന്തിയെടുത്തു ദഹിപ്പിച്ചു കളയുകയും ചെയ്തു. മൂലഭാഷയിൽ നിന്നും ബൈബിൾ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തവരുടെ ശ്രേഷ്ഠമായ പരിശ്രമം വില്യം ടിൻഡെയിലിന്റേതായിരുന്നു. എ.ഡി. 1535-ൽ അദ്ദേഹം പുതിയ നിയമം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു. പഴയ നിയമ തർജ്ജമ പൂർത്തിയായില്ല. അദ്ദേഹത്തെ വോംസ് എന്ന സ്ഥലത്തു വച്ച് അധികാരികൾ പിടികൂടുകയും 1536-ൽ തൂക്കിക്കൊന്ന് മൃതശരീരം ദഹിപ്പിച്ചു കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ പദപ്രയോഗങ്ങൾ ഇംഗ്ലീഷ് ബൈബിളിൽ ഇന്നും അവശേഷിക്കുന്നുണ്ട്.

... ഇംഗ്ലണ്ടിലെ ജെയിംസ് രാജാവിന്റെ ആഭിമുഖ്യത്തിലുള്ള അംഗീകൃത തർജ്ജമ [Authorised Version] 47 പണ്ഡിതന്മാർ ചേർന്ന് 4 കൊല്ലം കൊണ്ട് എ.ഡി. 1611-ൽ പൂർത്തിയാക്കി. പിന്നീട് —

52 ഇംഗ്ലീഷ് പണ്ഡിതന്മാരും 36 അമേരിക്കൻ പണ്ഡിതന്മാരും കൂടി ചേർന്ന് 1898-ൽ പരിഷ്കരിച്ച ഇംഗ്ലീഷ് ഭാഷാന്തരം [Revised version] പൂർത്തീകരിച്ചു.

തുടരും....

അടുത്ത ലക്കത്തിൽ മലയാളം ബൈബിളിനെ ജനനത്തെ കുറിച്ച്...

# സങ്കീർത്തന ധ്യാനം

## സങ്കീർത്തനങ്ങൾ - 4

എന്റെ ഹൃദയം മുഴുവൻ നിന്നിലായതു കൊണ്ട്, എന്റെ ഏക ആശ്രയവും നിന്നിലായതു കൊണ്ട്, ദൈവമേ നിന്റെ മുഖപ്രകാശം എന്റെ മേൽ ഉദിപ്പിച്ചതുകൊണ്ട് ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. അതെ നീ തന്നെയാണ് എന്നെ ഭയപ്പെടാതെ ജീവിക്കുവാൻ സഹായിക്കുന്നത്... ആമേൻ!

ഈ ലക്കം മുതൽ പുതിയ ഒരു പംക്തി കൂടെ ആരംഭിക്കുകയാണ്. സങ്കീർത്തന ധ്യാനം.... നിങ്ങൾക്കിഷ്ടപ്പെടുമെന്നു വിശ്വസിച്ചു കൊണ്ട്...

സങ്കീർത്തനങ്ങൾ - 4 - സങ്കീർത്തന ധ്യാനം

സങ്കീർത്തനങ്ങൾ ഭൂരിഭാഗവും എഴുതിയത് ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യനായ, സംഗീതജ്ഞനായ, രാജാവായ ദാവീദാണ്. നാലാം സങ്കീർത്തനവും തന്റെ കരങ്ങളാൽ രചിക്കപ്പെട്ടിരിക്കുന്നു. ദൈവത്തോടും മനുഷ്യരോടും ഒരു പോലെ സംസാരിക്കുന്ന ഒരു സങ്കീർത്തനമാണിത്. 8 വാക്യങ്ങൾ മാത്രമുള്ള മനോഹര ഗീതം.

എത്ര പാപം ചെയ്തിട്ടും ചെന്നു വിളിച്ചാലും ഉത്തരമരുളുന്ന ഒരു ദൈവത്തെക്കുറിച്ച് പ്രത്യേകം നീതിമാനായ ദൈവമേ എന്നു വിളിക്കുമ്പോൾ ഉത്തരമരുളണമെങ്കിൽ നമ്മുടെ വിശുദ്ധിയിലേക്ക് നോക്കുന്ന വിശുദ്ധി അന്വേഷിക്കുന്ന ഒരു ദൈവത്തോടാണ് ഉത്തരമരുളേണമേ എന്ന് അപേക്ഷിക്കുന്നത്. പിന്നീട് നീ എന്റെ പ്രാർത്ഥന കേൾക്കുന്നതിന്റെ കാരണം എന്റെ നല്ല പ്രവൃത്തിയോ ചിന്തയോ എന്നോടുള്ള നിന്റെ ........ കൃപയാണെന്നാണ് ദാവീദ് പറയുന്നത്.

എന്റെ നീതിയായ ദൈവം എന്റെ ഞെരുക്കത്തെ വിശാലതയിലേക്ക് നയിക്കുന്നവനാണ്. മാനുഷിക ബുദ്ധിയിൽ അപ്രാപ്യമായിരിക്കുന്നതാണ് ഞെരുക്കത്തിൽ ഇരിക്കുമ്പോൾ തന്നെ വിശാലതയിലേക്കു നയിക്കുക എന്നുള്ളത്. പലപ്പോഴും നാം കേൾക്കുന്ന വാക്യമാണ്, ഫിലിപ്പിയർ 4:6 ാം വാക്യം ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ കൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. അതെ ......... നാം ആവശ്യപ്പെടുന്ന കാര്യങ്ങൾ ഒരു സ്തോത്രത്തിന്റെ മേമ്പൊടിയായി ചേർത്ത് അപേക്ഷിച്ചാൽ നമ്മൾ ലഭിച്ചു -

എല്ലാ കാര്യങ്ങളും ലഭിക്കും എന്ന് ഒരു ധാരണ നാം വച്ചു പുലർത്താറുണ്ട്.
എന്നാൽ ഏഴാമത്തെ വാക്യം പറയുന്നു എന്നാൽ സകല ബുദ്ധിയെയും കവിയുന്ന
ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ
കാക്കും. നമ്മുടെ മാനുഷിക ചിന്തകളെയും ബുദ്ധിമണ്ഡലങ്ങളെയും കവിയുന്ന
അറിവിൽ നമ്മുടെ സകല ചിന്തകൾക്കും അതീതമായ ദൈവ സമാധാനം കൊണ്ട്
നമ്മുടെ ഹൃദയത്തിലെ നിനവുകളെ ക്രിസ്തു യേശുവിലൂടെ രൂപാന്തരപ്പെടുത്തും
എന്നാണ് അർത്ഥമാകുന്നത്. അങ്ങനെ ഞാൻ ഭൗമത്തിൽ ജീവിക്കുമ്പോഴും
അതിൽ വിശുദ്ധി കാക്കുവാൻ എന്നെ പഠിപ്പിക്കുന്നതാണ് ക്രിസ്തു യേശുവി-
ലൂടെ രൂപാന്തരം.

4ാം വാക്യം പറയുന്നത്, നടുങ്ങുവിൻ, പാപം ചെയ്യാതിരിപ്പിൻ
നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ.
പാപം ചെയ്യുവാനുള്ള ഒരു ത്വര നിങ്ങൾക്ക് ഉണ്ടാകുമ്പോൾ, നടുങ്ങുവിൻ
എന്നാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. നടുങ്ങുവിൻ എന്നാൽ ഞെട്ടി
പിന്നോട്ട് പോകുവിൻ. ഉദാഹരണമായി, അറിയാതെ തീയിൽ തൊടുമ്പോൾ
ഞെട്ടലോടെ നാം പിന്നോട്ട് മാറുന്നത് ആരുടെയും പ്രേരണയാലല്ല.
പിന്നെയോ അതിന്റെ അനന്തര ഫലത്തെ കുറിച്ചു നമുക്ക് ബോധമനസ്സും
അബോധമനസ്സും ഒരുപോലെ ജാഗരൂകരായിരിക്കുന്നതിനാൽ ഞെട്ടലുണ്ടാകു-
ന്നത്. അതുപോലെ പാപം ചെയ്യുവാനുള്ള അഭിവാഞ്ഛ നമ്മിൽ ഉണ്ടാകു-
മ്പോൾ ആ ഞെട്ടൽ നമ്മുടെ ജീവിതത്തിൽ ഉണ്ടാകട്ടെ. അതുപോലെ
നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ എന്ന് പറയുമ്പോ-
ൾ, 1ാം സങ്കീർത്തനത്തിൽ കാണുന്നതുപോലെ അവന്റെ ന്യായപ്രമാണത്തെ
രാപ്പകൽ ധ്യാനിക്കുന്നവൻ മാത്രമേ പാപം കാണുമ്പോൾ ഞെട്ടലോടെ
പിൻമാറുകയുള്ളൂ. ഇതാണു മനസ്സിലാക്കുവാനാണ് ദൈവം നമ്മോട് പറയു-
ന്നത്.

അടുത്തുള്ള വാക്യങ്ങൾ നാം കാണുന്നത്, യഹോവയിൽ ആശ്രയം വെച്ചു കൊണ്ടു നീതിയായി നടക്കുവാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നതായിട്ടാണ്. യഹോവയിൽ മാത്രമാണ് എന്റെ ആശ്രയം എന്നതുകൊണ്ട്, ധാന്യവും വീഞ്ഞും വർദ്ധിച്ചവരെക്കാൾ, സമ്പത്തും പ്രശസ്തിയും പദവിയും ലഭിച്ചവരെക്കാൾ അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുകയാണ്.

എന്റെ ആശ്രയം മുഴുവൻ നിന്നിലായതുകൊണ്ട്, എന്റെ എല്ലാ ആവശ്യവും നിന്നിലായതുകൊണ്ട്, മാത്രമല്ല നിന്റെ മുഖപ്രകാശം എന്റെ മേൽ ഉദിപ്പിച്ചതുകൊണ്ട് ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. അതെ നീ തന്നെയാണ് എന്നെ ഭയമില്ലാതെ ജീവിക്കുവാൻ സഹായിക്കുന്നത്... ആമേൻ!

- ജിഷ്ണ ജിജി -

ഗവ.മിലി ഹോസ്റ്റലിൻ്റെ വിദ്യാർത്ഥി റിപ്പോർട്ട്

പഠനം ചിന്ത വളർത്തുവാൻ നമുക്കു കഴിയണം. ചിന്ത വളർക്കുമ്പോൾ എന്തൊക്കെയാണെന്നുള്ള സംശയങ്ങളും ഉയർന്നു വരുവാൻ പഠിതാക്കൾക്കു-ന്നത സഹായിക്കും. നാം ഓരോരുത്തരും മറ്റുള്ളവർക്ക് പഠിപ്പിക്കുമ്പോഴും, ഒരു ചിന്ത ചെയ്യുമ്പോഴും നല്ലവണ്ണമായി കൂടെ പഠിപ്പിച്ചു കൊടുക്കുവാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. എന്നാൽ നല്ല ഒരു വിദ്യാഭ്യാസവും നേടിയെടുക്കുവാൻ നമുക്കു പഠിപ്പിച്ചു കൊടുക്കാം.

2014- ഒക്ടോബർ മാസം 3-7 വരെ മധ്യപ്രദേശിലെ Demoh എന്ന സ്ഥലത്ത് നടന്ന Jesus Mission-ന്റെ ഫാമിലി കോൺഫറൻസിനെ-കുറിച്ചുള്ള റിപ്പോർട്ട്. ഇനിയും വരുന്ന ഒരു ലക്കങ്ങളിലായി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

അനേക നാളുകളായി മനസ്സിൽ സൂക്ഷിച്ചിരുന്ന ആഗ്രഹം വടക്കേ ഇന്ത്യയിലെ മിഷനറിമാരുമായി കുറച്ചു സമയം ചിലവഴിക്കുക എന്നുള്ളത്. ഈ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ മധ്യപ്രദേശിലെ Demoh എന്ന സ്ഥലത്തേക്ക് പോകുവാൻ ദൈവം എനിക്ക് അനുവാദം തന്നു. ദുബായിൽ നിന്ന് മുംബൈയിലേക്ക് എത്തി. മുംബൈയിൽ എന്റെ സ്നേഹിതൻ റെജിയുടെ ഭവനത്തിൽ ഒരു രാത്രി താമസിച്ച് 2-ാം തിയതി താനയിൽ നിന്നും കുശിനഗർ എക്സ്പ്രസിന് മധ്യപ്രദേശിലേക്ക് പോയി. മുംബൈയിൽ നിന്ന് 19 മണിക്കൂർ അകലെ Demoh എന്ന നഗരത്തിലേക്ക്. രാവിലെ 8 മണിക്ക് റെയിൽവേ സ്റ്റേഷനിൽ എത്തി.

Demoh അടുക്കാറായപ്പോൾ ഓർമവന്ന ഒന്നാണ് കൃത്യം 20 വർഷത്തിന് മുമ്പ് ഞാൻ അറിയുന്ന സ്നേഹിക്കുന്ന സാജു മാത്യു ജേക്കബും (സാജു സാർ) ലോകം മുഴുവനുമുള്ള ക്രിസ്തീയ ഉണർവ്വിനു വേണ്ടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ലോകത്തിന്റെ പല ഭാഗങ്ങളിലും പോയി എത്തി മിഷനറിമാർക്കും ദേശത്തിനും പ്രചോദനമാകുന്ന ശുശ്രൂഷക-ളോടു കൂടി കർത്താവിന്റെ വാക്കു മാത്രം കേട്ട് ഇതുവരെ ഒരു സ്ഥലം ഒരിക്കൽ പോലും കേട്ടിട്ടില്ലാത്ത സമയത്ത് ഇവിടേക്കു വന്നു, ആദ്യമായി കാലുകുത്തിയ Demoh-റെയിൽവേ സ്റ്റേഷനിൽ എനിക്കും എത്തുവാൻ കരുണ കാണിച്ചല്ലോ എന്നുള്ള ഓർമ്മ..

ഞങ്ങളെ സ്വീകരിക്കുവാൻ ബ്രദർ. ജിജോ എത്തിയിരുന്നു. എന്നെ കൂടാതെ 2 പേർ അതേ ട്രെയിനിൽ ഉണ്ടായിരുന്നു. ആശ്രമത്തിൽ-

എത്തി പ്രഭാതഭക്ഷണം കഴിച്ചു, പലരെയും പരിചയപ്പെട്ടു. വിവിധ സ്ഥലങ്ങളിൽ നിന്നും മിഷനറിമാർ എത്തുവാനുള്ളതിനാൽ കോൺഫ്രൻ-സിന്റെ രാവിലത്തെ Section നാമമാത്രമായി തുടങ്ങിയത്. ആദ്യത്തെ Section ബ്രദർ ജൂലിയസ് (ജൂലിയസച്ചായൻ) നയിച്ചു. വ്യക്തമായി പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ മുമ്പോട്ട് പോകുന്ന കോൺഫ്രൻസാണെന്ന് ആദ്യ സെഷനിൽ തന്നെ വെളിപ്പെട്ടു.

തുടർന്ന് ഇവിടെ വരെ എത്തിച്ച നന്മകളോടും വേറൊരു തലത്തിലേക്ക് ചുവടുവെയ്ക്കുവാൻ ചുവടടി തേടിയപ്പോൾ സ്വന്തം ജീവൻ വെച്ചുകൊടുത്ത സഹോദരങ്ങൾ അന്യോന്യം നന്ദി പ്രകാശിപ്പി-ച്ചും, വിശ്രമത്തിലേക്ക് പ്രവേശിക്കപ്പെട്ടപ്പോൾ തമ്മിലായി എന്നെന്നും ഉറക്കത്തിൽ അന്നന്നും പരിശുദ്ധാത്മാവിനോടും അന്യോന്യവും ഏറ്റു പറഞ്ഞു ഉപേക്ഷിച്ചുകൊണ്ടും ഉള്ള ഒരു സെഷൻ.

അപ്പ. പ്രവൃത്തികൾ 1-മുതൽ-12 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി (ബ്രദർ ജൂലിയസ് (ജൂലിയസച്ചായൻ) ധ്യാനം നയിച്ചു. ക്രിസ്തുവിന്റെ നാമത്തിൽ മനുഷ്യരായ അവകാശവാദങ്ങൾ പരിശുദ്ധാത്മാവ് പൊട്ടിക്കുന്നതായി ഈ അദ്ധ്യായങ്ങളിൽ കാണുവാൻ കഴിയുന്ന സംഭവങ്ങളെ വിവരിച്ച് അർത്ഥവും പറഞ്ഞു. അതു പോലെ നമുക്കായി അവകാശവാദങ്ങൾ പരിശുദ്ധാത്മാവ് പൊട്ടിക്കുമ്പോൾ നമുക്കു വേദനയുണ്ടാകും, എന്നാൽ ജീവൻ ഉൾക്കൊള്ളേണ്ടതാണ്. അതിൽ നമ്മൾ പങ്കാളികളാകുമ്പോൾ അത്ഭുതകരമായി വരും.

ഓരോ ചുവട് വയ്ക്കുവാൻ നമുക്കു കഴിയണം. ചുവട് വയ്ക്കുമ്പോൾ എന്റേതാണെന്നുള്ള അവകാശവും ഒഴിവാക്കി കിട്ടുവാൻ പരിശുദ്ധാത്മാവ്-നമ്മെ സഹായിക്കും. നാം ലോകത്തിന്റെ മുമ്പിൽ പരിചയപ്പെടുത്തുമ്പോഴും, ഒരു ചിത്രം വെച്ചാലും നമുക്കായി മുദ്ര പതിപ്പിച്ചു കൊടുക്കുവാൻ നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഒരു അവകാശവാദവും പൊട്ടിക്കുവാൻ-നമുക്കു ചേർത്തുപിടിച്ചു കൊടുക്കാം. നമുക്കായി ഓരോരു മുദ്രയില്ലാതെ -

ലോകവിരുന്ന് പരിചയപ്പെടുത്തി മനുഷ്യർക്കു കൊടുക്കുവാൻ നമുക്ക് സാധിക്കണം.
കുമാരനു നാട്ടിലേക്ക് ആണ്ടിറങ്ങാതെ ലോകവീട്ടിലേക്ക് ആണ്ടിറങ്ങുവാൻ
സാധിക്കട്ടെ. എനിക്ക് ഭാഗ്യം തരുന്ന ഓർമ്മകൾ എന്നുമെന്നും ഓർമ്മ
വിട്ടു എന്നെ ഭാഗ്യം തന്നുകൊണ്ടിരിക്കും പ്രാർത്ഥിക്കാം. ചരിത്രകാരന്മാ-
രോട് നിർത്തു. സംവേദനക്ഷമ (Sensitive) പ്രവർത്തനം നമുക്ക് കാഴ്ച
വയ്ക്കാം. ഒരുപാട് നന്ദി അറിയിക്കുന്നു! ....

നന്ദി പ്രാർത്ഥനയോടു കൂടി നിർത്തുന്ന

നാടകത്തിൽ അവസാനിച്ചു. ഉപദേശിക്കുന്നതിനും വിശ്രമത്തിനുമായി ചിരിക്കു.

നിരന്തരം നാടകത്തെക്കുറിച്ചും നടൻ ദിവസങ്ങളിലും നിഴൽ നിരന്തരം ഉണ്ടായിരു-

## പഴയ പാട്ടുകൾ

### സാധു കൊച്ചു കുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ

വിദേശ നാട്ടിൽ ഞാൻ ചരിച്ചിടുമ്പോൾ
യേശുവിൻ മാർവ്വിൽ ഞാനാനന്ദിക്കും

പഴയ പാട്ടുകൾ-

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ.

വിശ്രമ നാട്ടിൽ ഞാൻ എത്തിടുമ്പോൾ
യേശുവിൻ മാർവ്വിൽ ഞാനാനന്ദിക്കും

പരമ സുഖങ്ങളിന്നമൃതരസം
പരമേശൻ മാർവ്വിൽ ഞാൻ പാനം ചെയ്യും

പരമ പിതാവെന്റെ കണ്ണിൽ നിന്നു
കണ്ണീരിൻ തുള്ളികൾ തുടച്ചിടുമേ

ശത്രുക്കളാരുമങ്ങവിടെയില്ല
കർത്താവിൻ കുഞ്ഞുങ്ങൾ മാത്രമതിൽ

ഭൂനാട്ടിൽ കാണ്മതാം സന്തോഷം
സന്തതം പൂർണ്ണമായ് വാഴുന്നതിൽ

വർണ്ണിപ്പാനാരുമില്ലുലകിൽ
ആരുമില്ലിതിന്നിനെ ചൊല്ലിടുവാൻ

കെരൂബി സെറാഫികൾ പാടുന്നതിൽ
മൂപ്പന്മാർ കുമ്പിട്ടു വാഴ്ത്തുന്നതിൽ

ദൈവ സിംഹാസന മുമ്പവിടെ
പാപവിമുക്തരുമുണ്ടവിടെ

പരിതൃപ്താത്മാവിന്റെ പാദുകമായി
സമൃദ്ധിയായൊഴുകുന്ന ദേവമന്ന

ജീവന്റെ വ്യക്തിമുദ്രാദരത്തിൽ
മനം തോറ്റു തിട്ടും പുതിയ ചലം

നവരത്നനിർമിത പടത്തിൽ
ശോഭിതസൂര്യനായ് ശോഭതന്ന

പരമസുഖം തരുന്നവകളിൽ
പറഞ്ഞോട്ടെ ഞാൻ വാഴും നിത്യം

# ചോദ്യാവലി

3. അബ്രാഹാമിനെ ഏതു ദേശത്തു നിന്നാണ് ദൈവം വിളിച്ചിറക്കിയത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം: agape.magasine@gmail.com.

## - ചോദ്യാവലി -

1. യേശു കർത്താവിന്റെ ക്രൂശിലെ ഏഴു തിരുമൊഴികൾ എന്തെല്ലാം?

2. ബൈബിളിൽ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നത് എവിടെയാണ്? എന്തു കാരണം?

3. അബ്രാഹാമിനെ ഏതു ദേശത്തു നിന്നാണ് ദൈവം വിളിച്ചിറക്കിയത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം: agape.magasine@gmail.com.

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ:-

1. അബ്രാഹാമിനോടുള്ള ദൈവത്തിന്റെ ആദ്യത്തെ അരുളപ്പാട്?
   ഉ. നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. [GENESIS 12:1]
2. നോഹയും കുടുംബവും പെട്ടകത്തിൽ ഉണ്ടായിരുന്ന ജീവജന്തുക്കൾ ആകെയും എത്ര നാൾ പെട്ടകത്തിൽ വസിച്ചു?
   ഉ. ഒരു വർഷവും പത്തു ദിവസവും. [Ref: GENESIS 7-8 CHAPTER]
3. നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു എത്ര സംവത്സരം പ്രവാസികളാ-കുമെന്നാണ് ദൈവം അബ്രാഹാമിനോട് പറഞ്ഞത്?
   ഉ. 400 സംവത്സരം - [Ref: GENESIS 15:13]